സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

തീയതി: 16.12.2023

നമ്പർ. ഇ.എ-2/52859/22/ഡി.ടി.ഇ

## സർക്കുലർ

വിഷയം:- സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കാര്യാലയം - സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനം - ഉപകരണം സ്ഥാപിച്ചിട്ടുള്ള കെട്ടിടം/ബ്ലോക്ക് - വിവരം നൽകുന്നത് - സംബന്ധിച്ച്

സൂചന :- 1. 04.11.2023, 06.12.2023 തീയതിയിലെ ഇതേ നമ്പർ സർക്കുലറുകൾ

ഭരണ നവീകരണത്തിന്റെ ഭാഗമായി വകുപ്പിന് കീഴിലെ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ജീവനക്കാരുടെ കൃത്യനിഷ്ഠ ഉറപ്പുവരുത്തുന്നതിനുമായി എല്ലാ ഓഫീസുകളിലും സ്പാർക്കുമായി ബന്ധിപ്പിച്ചുകൊണ്ട് ബയോമെട്രിക് സംവിധാനം ഒരുക്കുന്നതിനായി മേൽ സൂചന പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

ആധാർ അടിസ്ഥാനമാക്കിയുള്ള ബയോമെട്രിക് പഞ്ചിംഗ് മെഷീൻ സ്ഥാപിക്കുമ്പോൾ, സ്ഥാപന വിലാസത്തിൽ നിന്ന് dteitdivision@gmail.com എന്ന വിലാസത്തിലേക്ക് ബയോമെട്രിക് ഉപകരണം സ്ഥാപിക്കുന്ന കെട്ടിടം/ബ്ലോക്ക് പരാമർശിച്ച് ഒരു അഭ്യർത്ഥന മെയിൽ അയയ്ക്കുക (ഉദാ: ബ്ലോക്ക്-പേരുകൾ).

തുടർന്ന് സ്ഥാപനത്തിൽ നിയമിതനായ നോഡൽ ഓഫീസർക്ക് ലോഗിൻ ക്രെഡൻഷ്യലുകൾ നൽകുന്നതിന് ഈ കാര്യാലയത്തിൽ നിന്ന് ഒരു മറുപടി മെയിൽ അയക്കുന്നതായിരിക്കും. ഈ ലോഗിൻ വഴി ഉപകരണം സ്ഥാപിക്കുന്ന സമയത്ത് നോഡൽ ഓഫീസർക്ക് ഡിവൈസ് ആക്ടിവേഷൻ കോഡ് സൃഷ്ടിക്കാൻ കഴിയും. സംശയ ദൂരീകരണത്തിനായി മേൽ പരമർശിച്ച മെയിൽ അഡ്രസ്സ് വഴിയോ 0471 - 2561300 എന്ന ടെലഫോൺ നമ്പർ വഴിയോ ബന്ധപ്പെടാവുന്നതാണ്.

സുനിൽ കുമാർ സി വി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

Approval Valid

Digitally Approved By
സുനിൽ കുമാർ സി വി
Date: 16.12.2023
Reason: Approved

The document is digitally approved. Hence signature is not needed.

Draft #10 of File EA2/52859/22/DTE Approved by Senior Administrative Officer on 16-Dec-2023 10:51 PM - Page 1